## പൊയറ്റിക് ലവ് സ്റ്റോറി

"ഇങ്ങനെ പോയി കഴിഞ്ഞാൽ ഇത് പഴയതിനെക്കാളും ഇന്റെൻസാകാനാണ് സാധ്യത"

വായിച്ചു കൊണ്ടിരുന്ന പുസ്തകത്തിൽ നിന്നും മുഖമുയർത്താതെ ഇമ്മാനുവേൽ ജോൺസൻ എന്ന ഇജോ, തന്റെ സഹധർമ്മിണിയായ അനുപമയോട് പറഞ്ഞു. മുഖത്ത് വീണു കിടക്കുന്ന ആ ഇളം പച്ച വെളിച്ചത്തിൽ നിന്നും, അനു ആരോടോ വാട്സാപ്പിൽ ചാറ്റ് ചെയ്യുകയാണെന്ന് ഇജോ കൃത്യമായി വായിച്ചെടുത്തു.

"എനിക്ക് കുറച്ചു കൂടി ഇന്റെൻസ് ആകണമെന്നുണ്ട്. പക്ഷെ അതിന് താൻ സമ്മതിക്കില്ലല്ലോ".

ഇജോയുടെ മുഖത്ത് നോക്കാതെ സ്വന്തം മൊബൈലിൽ നോക്കിക്കൊണ്ടാണ് അനു അത് പറഞ്ഞതെങ്കിലും, മുഖത്തടി കിട്ടിയ വികാരമായിരുന്നു ഇജോയ്ക്ക്. ഒരൊറ്റ മറുപടിയിൽ അങ്ങനെയങ് ഇരുന്നു പോയാൽ കുറച്ചിലാകുമല്ലോ എന്ന തിരിച്ചറിവിൽ ഇജോ വാദം പുനരാരംഭിച്ചു.

"എനിക്ക് സമ്മതക്കുറവൊന്നുമില്ല പക്ഷെ ഇവൻ ഇടയൂല്ലേ?"

തൊട്ടപ്പുറത്ത്, കമ്പ്യൂട്ടർ മോണിറ്ററിലെ വെളിച്ചത്തിലിരുന്ന് ഏതോ വീഡിയോ എഡിറ്റ് ചെയ്യുന്ന മകൻ കിരണിനെ ചൂണ്ടിക്കൊണ്ടായിരുന്നു ഇജോയുടെ ചോദ്യം.

"അവനെന്തിനാ ഇടയുന്നെ? പ്രണയമൊക്കെ എന്താണ്, എങ്ങനെയാണ് എന്നൊക്കെ ഞാൻ നല്ലത് പോലെ അവനു പറഞ്ഞു കൊടുത്തിട്ടുണ്ട്." മുഖം നോക്കാതെ അനു വീണ്ടും മറുപടി പറഞ്ഞു.

പ്രണയമെന്താണ് എന്നതിനെക്കുറിച്ച് തനിക്ക് തീരെ വിവരമില്ല എന്നൊരാരോപണം മേൽപ്പറഞ്ഞ മറുപടിയിൽ അവൾ മറച്ച് വച്ചിട്ടില്ലേ എന്നൊരു സംശയം ഇജോയ്ക്കുള്ളിൽ പൊടുന്നനെ ഉടലെടുത്തതിനാലാകണം തന്റെ അടുത്ത വാക്യത്തിന്റെ അവസാന ഭാഗത്ത് ഇജോ അനുവിനെതിരെ ഒരാക്ഷേപത്തിന്റെ സൂചിമുന കുത്തി നിർത്തിയത്.

"അത് അവനു വരുന്ന പ്രണയത്തെ കുറിച്ചല്ലേ! അവന്റെ മമ്മിക്ക് വരുന്ന പ്രണയത്തെക്കുറിച്ചല്ലല്ലോ"!

ഇജോയുടെ അവസാനം പദം കൊണ്ട് പോറലേറ്റ അനു, ടൈപ്പ് ചെയ്തു കൊണ്ടിരുന്ന വാക്കിനെ പാതി വഴിക്കുപേക്ഷിച്ചു കൊണ്ട് ഇജോയെ നോക്കി. പുസ്തകത്തിൽ തന്നെയാണ് നോക്കിയിരുന്നതെങ്കിലും, അനുവിന്റെ നോട്ടം തന്റെ മുഖത്ത് വന്നു വീഴുന്നത് കൃത്യമായി മനസിലാക്കിയത് കൊണ്ടാകണം ഒരു കാര്യവുമില്ലാതെ ഇജോ പേജ് മറിച്ചു.

" ഇജോ, ഇങ്ങോട്ടൊന്നു നോക്കിയേ...ഇത് എന്റെ പ്രണയമല്ല. എന്റെയായിരുന്നു...പണ്ട്.
ഇതിപ്പോൾ ആകസ്മികമായൊരു പരിചയം പുതുക്കൽ. പ്രവീണും കെട്ടി ഞാനും കെട്ടി പിന്നെന്താ കുഴപ്പം?"
തന്റെ ഭൂതകാലത്തിന്റെ തീരത്തിരുന്നുകൊണ്ടായിരുന്നു അനു ഇജോയ്ക്കെതിരെ ആ ചോദ്യമെറിഞ്ഞത്.

"കുഴപ്പമുണ്ടോ ഇല്ലയോ എന്ന് ഞാൻ പറയാം, താൻ ആ ചാറ്റൊന്ന് വായിച്ചേ!"-
ചിരിച്ചു കൊണ്ടായിരുന്നുവെങ്കിലും ആ ചെറുനിവേദനത്തിൽ അയാളുടെ ഉത്ക്കണ്ഠ മുഴച്ചു നിന്നിരുന്നു.

"ഇന്നാ താൻ തന്നെ വായിച്ചോ...!"- അനു മൊബൈൽ ഫോൺ കട്ടിലിലേക്കിട്ടു.

പുസ്തകം മടക്കി മേശപ്പുറത്തു വച്ചതിനു ശേഷം ഇജോ കട്ടിലിലേക്ക് വന്നിരുന്നു... മൊബൈൽ എടുത്തു അനുവിന്റെ അരികിലേക്ക് ചേർന്നിരുന്നുകൊണ്ട് പറഞ്ഞു

"താൻ തന്നെ വായിക്ക്..എന്നാലേ ഒരു ഫീൽ കിട്ടുള്ളൂ...എല്ലാമൊന്നും വായിക്കണ്ട...അവസാനത്തെ കുറച്ച് ഭാഗം വായിച്ചാൽ മതി...അത് കേട്ടാൽ തന്നെ അറിയാം സംഗതി എവിടെ വരെ എത്തിയെന്ന്". അല്പത്തരം പുരണ്ട ആ പദങ്ങളിലാകമാനം, ഉത്തരാധുനികാണെന്ന് സ്വയം അവകാശപ്പെടുന്ന ഇജോയെന്ന പുരുഷകേസരിയുടെ പൗരുഷത്തിന്റ പടം പൊഴിഞ്ഞു കിടന്നിരുന്നു.

"എന്നാൽ ഞാൻ വായിക്കാം"- കമ്പ്യൂട്ടറിൽ നോക്കി കൊണ്ട് തന്നെയാണ് കിരൺ അത് പറഞ്ഞത്.

"ഹാ അത് കൊള്ളാം...നീ പ്രവീണിന്റെ പാർട്ട് വായിച്ചാ മതി". ഭാര്യയുടെ വിവാഹേതര പ്രണയം പൊളിച്ചടുക്കാൻ തന്റെ പുത്രനും കൂടെയുണ്ടെന്ന സന്തോഷം അയാളെ കൂടുതൽ അൽപ്പനാക്കി.

"അനു...പ്ലീസ് കണക്ട് ഇറ്റ് ത്രൂ വെബ് "- അമ്മയാണെങ്കിലും കിരൺ അനുവിനെ പേരാണ് വിളിക്കാറുള്ളത്.

ഒന്നും മിണ്ടാതെ അനു തന്റെ വാട്സ്ആപ് കിരണിന്റെ ലാപ്ടോപ്പിലേക്ക് കണക്ട് ചെയ്ത കൊടുത്തു. തൊണ്ടയൊക്കെ ട്യൂൺ ചെയ്തുകൊണ്ട് കിരൺ പ്രവീണിന്റെ ഭാഗം അല്പം നാടകീയമായിത്തന്നെ വായിക്കാൻ തുടങ്ങി.

"ഹായ് അനു, ഇന്നലെയൊന്നും കണ്ടില്ലല്ലോ..തിരക്കായിരുന്നോ?

തന്റെ പ്രൈവെസിയുടെ മുഖത്ത് ആരോ പരിഹാസം പുരട്ടുന്നത് പോലെ തോന്നിയതിനാലാണോ ആവോ അടുത്ത വരി വായിക്കാൻ അനു അല്പം മടിഞ്ഞു...

"എന്തേ...ഉറക്കെ വായിക്കാൻ പറ്റാത്ത എന്തെങ്കിലുമൊക്കെയാണേൽ സിനിമയിലേക്കെ പോലെ ഒരു ബീപ്പ് ശബ്ദം പുറപ്പെടുവിച്ചാൽ മതി." കുത്തുവാക്കിന്റെ കരം പിടിച്ച് അയാൾ പടച്ച് വിട്ട ആ ഫലിതശ്രമത്തിന് കൂട്ട് പോയത് അയാളുടെ തന്നെ അധരത്തിൽ നിന്ന് പുറപ്പെട്ട ഒരു മലിന മന്ദഹാസം മാത്രമായിരുന്നു. ആ മാലിന്യം മുഖത്തു വീഴാതിരിക്കാനെന്നവിധം മുഖം കുനിച്ചു കൊണ്ട് അനു വായന തുടങ്ങി...

"ഇന്നലെ ഇജോടെ കൂടെ പുറത്തു പോയി...ഇജോയ്ക്ക് എപ്പോഴും ഞാൻ കൂടെ വേണം....ചില നേരം... ഇജോ എന്റെ മോനേക്കാൾ കഷ്ടമാണ്".

അതുവരെ വായിച്ചവസാനിപ്പിച്ച കാര്യങ്ങൾക്കൊടുവിൽ അവൾക്കുണ്ടായിരുന്ന എന്തോ ഒന്ന് ആ വാചകത്തിൽ ഇല്ലായിരുന്നു. ശൂന്യതയുടെ ആ ഗോൾപോസ്റ്റിലേക്ക് ഇജോ തന്റെ ശക്തമായ കിക്കെടുത്തു.

"ഹാ വെറുതെ അല്ല താൻ സ്ലോ ആയത്...ഞാൻ എപ്പൊഴാടോ അങ്ങനെ പറഞ്ഞേക്കുന്നത്...?
അല്ലെങ്കിൽതന്നെ എന്നെ ഒരുമാതിരി കെട്ടി വലിച്ചിട്ടാ ഞാൻ തന്റെ കൂടെ പുറത്തേക്കൊക്കെ വരുന്നത്...എന്നിട്ടിപ്പൊ ഇത് കേട്ടില്ലേ..'ഇജോയ്ക് ഇപ്പോഴും ഞാൻ വേണമെന്ന്. ഞാനീ ബുക്കും പിടിച്ചു മാറി ഇരിക്കുന്നത് തന്നെ കുറച്ചു നേരം ഒറ്റയ്ക്കിരിക്കാൻ ആഗ്രഹിച്ചിട്ടാ. അപ്പോഴാ അവളുടെ. എന്തൊരു നൊണയാടോ പറഞ്ഞു കൂട്ടുന്നേ...ഹ വായിക്ക് വായിക്ക്..."

അനാവശ്യമായി പ്രവീണിനോട് പറഞ്ഞു പോയ ഒരു കൊച്ചു കള്ളത്തിന് താൻ ഇത്ര ലജ്ജിക്കേണ്ടി വരുമെന്ന് അവൾ ഓർത്തിരുന്നില്ല. കളവിൽ പിടിക്കപ്പെട്ട ഒരു പ്രതിയുടെ ഭൂതകാല കഥകൾക്ക് കേൾവിക്കാരുടെ കാതുകളിൽ പുല്ലുവിലയാണെന്നറിയാമെങ്കിലും അനു ആ സാഹസത്തിന് തന്നെ മുതിർന്നു.

"ഇജോ, ഞാൻ പറഞ്ഞത് കള്ളമാണെങ്കിലും എന്നെ പോലെയുള്ള പെണ്ണുങ്ങൾക്ക് അവരുടെ ഭർത്താക്കന്മാർ അങ്ങനെയൊക്കെ ആകുന്നതാണ് ഇഷ്ടം...ജീവിതത്തിലോ അതൊന്നുമില്ല, ഭാവനയിലെങ്കിലും എനിക്കതായിക്കൂടെ?" അനുവിന്റെ വാക്കുകളിൽ പരിഭവം പതുങ്ങിയിരുന്നു.

"ഹാ വായിക്ക് വായിക്ക്"- ഇജോ ആ പരിഭവത്തെ പരിഗണിച്ചേയില്ല.

കിരൺ വീണ്ടും പ്രവീണിന്റെ ഭാഗം വായിക്കാൻ തുടങ്ങി.

"ഈശ്വരാ...ഉള്ളതാണോടോ? ഇജോ അങ്ങനെയൊക്കെ തന്റെ കൂടെ ഇരിക്കോ? സമ്മതിക്കണം അയാളെ. തന്റെ കൂടെ അങ്ങനെയൊക്കെ ഇരിക്കാ എന്ന് പറഞ്ഞാൽ എളുപ്പല്ലാ...അത് കൊണ്ട് പറഞ്ഞതാ..." ഒറ്റകണ്ണിറുക്കിയടയ്ക്കുന്ന ഒരു ഇമോജിയിൽ പ്രവീൺ ആ വാചകമവസാനിപ്പിച്ചു.

"ഞാൻ പണ്ടത്തെ പോലെയല്ലലോ പ്രവി, കുറെയൊക്കെ മാറിയെടോ."നിർവികാര സ്മൈലി തൊടുത്തു കൊണ്ട് അനു തിരികെയുമെഴുതി.

"പക്ഷേ പണ്ടത്തെ അനുവല്ലേടോ എന്റെ ഉള്ളിൽ…ഓർമ്മകൾ മാറില്ലല്ലോ!" പ്രവീണിന്റെ വാക്കുകളിലെ ഗൃഹാതുരമധുരം രുചിച്ച ഇജോയ്ക്കുള്ളിൽ തികട്ടിക്കയറിയത് കുശുമ്പിന്റെ കയ്പ്നീരായതിനാലാകണം അയാൾ അക്ഷരങ്ങളപ്പാട് പെട്ടെന്നോക്കാനിച്ചത്.

"ഹാ....പണ്ടത്തെ അനു...പണ്ടത്തെ ഓർമ്മകൾ...പോരട്ടെ...പോരട്ടെ..." അയാൾക്ക് എരിഞ്ഞു തുടങ്ങിയിരുന്നു.

"ഒന്ന് പോയെ ഇജോ, ഞാൻ വായിക്കണില്ല". അയാളുടെ വഷളൻ വാക്കുകളിൽ വെറുപ്പ് തോന്നി അനു മൊബൈൽ വീണ്ടും കട്ടിലിലേക്കിട്ടു.

"എന്നാൽ ഞാൻ വായിക്കാം...ഇങ്ങനെയുള്ള ഡയലോഗൊക്കെ വായിക്കാൻ എനിക്ക് നല്ല ഫീലാണ്". ആ ഒരൊറ്റ വാചകത്തിൽ ഇജോയെന്ന പുരോഗമന വാദിയുടെ പുരാതനരൂപം വെളിയിൽ വന്നു.

"വേണ്ട...വേണ്ട ഇജോ വായിക്കണ്ട. ഞാൻ തന്നെ വായിച്ചോളാം...കിരാ നീ വായിക്കടാ..."- അനു കിരണിനോട് പറഞ്ഞു.

അയാളുടെ അധരത്തിൽ അമർന്നാൽ തന്റെ വാക്കുകൾക്ക് സംഭവിക്കാൻ പോകുന്ന വ്യഖ്യാനവ്രണം എന്തായിരിക്കുമെന്ന് അനുവിന് നല്ല നിശ്ചയമുണ്ടായിരുന്നത് പോലെ.

കിരൺ വീണ്ടും പ്രവീണിന്റെ ഭാഗം വായിച്ചു തുടങ്ങി:

"തന്റെ കൂടെ ഇരിക്കുന്ന നേരത്ത് മൊബൈൽ എടുത്ത് കയ്യിൽ വെക്കാൻ പോലും പേടിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു എനിക്ക്. താൻ എറിഞ്ഞു പൊട്ടിച്ചാലോ എന്നായിരുന്നു പേടി.
ഡിസ്പ്ലേ തകർന്ന ഒരു ഫോൺ എന്റെ മേശപ്പുറത്ത് ഇപ്പോളും കിടപ്പുണ്ട്".
പ്രവീൺ അപ്പോഴും ഗൃഹാതുരതീരത്തായിരുന്നു.

" അതിനിപ്പോഴും  മാറ്റമൊന്നുമില്ല പ്രവി. ഇജോയുടെ ഫോണെടുത്തു എറിഞ്ഞു പൊട്ടിയ്ക്കാൻ എനിക്ക് പല തവണ തോന്നിയിട്ടുണ്ട്. പിന്നെ ഞാനോർക്കും..എന്തിനാണ്? ഒന്നുകിൽ എന്റെ സംസാരം, അല്ലെങ്കിൽ പൂർണ്ണമായും എന്നെ തന്നെ... ഇതിൽ ഏതെങ്കിലും ഒന്ന് ഇജോയ്ക്ക് മടുത്തു കാണും. അത് കൊണ്ടാകും ഇജോ മൊബൈലിനോട് മിണ്ടുന്നതെന്ന്".

വർത്തമാന കാലത്തിലിരുന്ന്  തന്നോട് വർത്തമാനം പറയാത്തൊരാളെ ചൊല്ലി അനു ഭൂതകാലത്തെ സുഹൃത്തിനു പരിഭവക്കുറിപ്പെഴുതി.

അനുവിന്റെ വാക്കുകളിലെ വ്യഥ വന്നു വീണത് ഇജോയുടെ ഉള്ളിലാണ് എന്ന് തോന്നും വിധത്തിലായിരുന്നു അയാൾ മൊബൈൽ ഫോണിന്റെ ഡിസ്പ്ലേ ലൈറ്റണച്ച് മെല്ലെയത് അരികിലേക്ക് നീക്കിവച്ചത്.

കിരൺ വീണ്ടും പ്രവീണിന്റെ ഭാഗം വായിച്ചു: "ഭാഗ്യം ഇപ്പോളേലും ഇജോയ്ക്ക് തിരിച്ചറിവുണ്ടായല്ലോ!" തെല്ലു പരിഹാസം നിറഞ്ഞ ആ പദങ്ങൾ അനുവിനെ മുറിവേൽപ്പിക്കാതിരിക്കാൻ, മുഖം പൊത്തി ചിരിക്കുന്ന രണ്ടു ഇമോജിയെ പ്രവീൺ ആ വാചകത്തിനു പിന്നിൽ തന്നെ കാവൽ നിർത്തി.

അതുവരെ  പറഞ്ഞു കൊണ്ടിരുന്ന കുശലങ്ങൾക്കിടയിൽ വന്നുവീണ കട്ടികൂടിയ ഒരു കാര്യമായത് കൊണ്ടാകണം അനു അതിനു പ്രതികരണമൊന്നും കൊടുക്കാതെ മൗനം തീണ്ടിയത്. അനുവിന്റെ വാക്കുകളേക്കാൾ അവളുടെ മൗനത്തിന്റെ വ്യാഖ്യാനങ്ങൾ അതിവേഗം പിടികിട്ടിയിരുന്ന ഒരു ഭൂതകാലം പ്രവീണിന് ഉണ്ടായിരുന്നു. അതുകൊണ്ടു തന്നെ ആ വ്യസനതീരത്ത് അവളെ അധികനേരം തനിച്ചിരുത്താതിരിക്കാൻ അടുത്ത അക്ഷരത്തോണിയെടുത്തു അയാൾ അവളിലേക്ക് തുഴയാൻ തുടങ്ങി.

"അനു, സത്യം പറഞ്ഞാൽ കൊല്ലങ്ങൾക്ക് ശേഷം തന്റെ നമ്പർ തപ്പി കണ്ടുപിടിച്ച് ഈ മെസേജുകൾ ഇങ്ങനെ അയക്കുന്നത് തന്നെ, തന്റെ തിരുവായിലെ വലിയവർത്തമാനങ്ങൾ ഒരുപാട്  മിസ്സ് ആയതുകൊണ്ടാണ്".

നീണ്ടു നിവർന്നു കിടക്കുന്ന മെസ്സേജുകളിങ്ങനെ നിർത്താതെ വായിച്ചു പോകുന്ന അനുവിന്റെ മുഖത്ത് വല്ലാത്തൊരു പ്രകാശം ഉള്ളത് പോലെ ഇജോയ്ക് തോന്നി. ഹൃദയം മുഖത്ത് വന്നിരിക്കുന്നത് പോലെ... കുറെ നാളുകളായി അടഞ്ഞു കിടന്നിരുന്ന അവളുടെ ഹൃദയത്തിലാണ് പ്രവീണിന്റെ വാക്കുകൾ വെയിൽ നാളം പോലെ വന്നു വീണു കൊണ്ടിരുന്നത്. ഇജോ കേൾക്കുന്നുണ്ടോ എന്ന് പോലും ശ്രദ്ധിക്കാതെ ആ വെയിലത്തിരുന്ന് അനു വായന തുടരുമ്പോൾ അതേ വെയിലേറ്റ് ഇജോയുടെ ഹൃദയം അകാരണമായി വിയർക്കുന്നുണ്ടായിരുന്നു.

"മതി മതി വെറുതെ പഴങ്കഥകൾ പറഞ്ഞ് ഗൃഹാതുരത്വം പെയ്യിയ്ക്കണ്ട!"അമിതവികാരത്തിന്റെ കാർമേഘം പെയ്തിറങ്ങാൻ സാധ്യതയുണ്ടെന്ന് അനുവിന് ഉൾവിളി കിട്ടിയ പോലെ. അല്ലെങ്കിൽ തന്നെ വർത്തമാനകാലത്തെ ഏകാന്തതയകറ്റാൻ ആരാണ് ഭൂതകാലത്തേക്ക് ദേശാടനം ചെയ്യാത്തത് !

അതറിഞ്ഞു കൊണ്ട് തന്നെയാകണം അനുവിന്റെ ഓർമ്മകൾക്ക് മീതെ പ്രവീൺ തന്റെ ഓർത്തെടുക്കലുകൾ കൊണ്ട് ഒരു ബാഷ്പീകരണം നടത്തിയത്.

"ഗൃഹാതുരത്വം! തന്റെ കവിതകളിൽ ഞാനേറ്റവും കൂടുതൽ കണ്ടെടുത്ത പദമതായിരുന്നു. ഈണം നൽകി പാടാനേൽപ്പിക്കുമ്പോൾ ഞാൻ ഏറ്റവും കൂടുതൽ പാട് പെട്ടതും ആ വാക്കൊന്നു പാടിയെത്തിക്കാനായിരുന്നു. പാടുപെട്ട് പാടിയത് മുഴുവൻ ഞാൻ, പക്ഷേ കയ്യടീം കലാതിലകവുമൊക്കെ തനിക്ക്...ദാറ്റ്സ് ഇൻജസ്റ്റിസ്!
എടോ...തന്റെ ഇജോ പാടോ? പാട്ടുകാരനെ കെട്ടണം എന്നൊക്കെ ആയിരുന്നല്ലോ! കലാതിലകം എഴുതിക്കൊടുക്കുന്ന കവിതകളാകുമ്പോ കെട്ടിയോൻ പാടാതിരിക്കുന്നതെങ്ങനെയാല്ലേ!"

പ്രവീണിന്റെ പദങ്ങളേറ്റ് അനു സാവധാനം മൃദുവാകാൻ തുടങ്ങി

"കവിത...അതൊക്കെ ഞാൻ തന്നെ മറന്നെടോ! ഇജോ...പാട്ടൊക്കെ പാടും. പക്ഷേ പുള്ളിക്കാരൻ വേറെയൊരു ജേണറാ. ഒന്ന് രണ്ടു വട്ടം ഞാൻ എഴുതിയത് കാണിച്ചായിരുന്നു. പിന്നെ അത് നിർത്തി!"

അനു അവസാനം പറഞ്ഞ  'നിർത്തി' എന്ന ആ വാക്ക് ഒരിടത്തും നിൽക്കാതെ കയറിപ്പോയത് ഇജോയുടെ ഓർമ്മകളിലേക്കായിരുന്നു. മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ കനത്ത പോരാട്ടം കണ്ടു കൊണ്ടിരുന്ന ഒരു രാത്രിയിലാണ് കവിതയെഴുതിയ കടലാസുമായി അനു  ഇജോയുടെ  അടുത്തേക്ക് ചെന്നത് . ഒന്നോടിച്ചു വായിച്ചു നോക്കാൻ തുനിഞ്ഞപ്പോഴാണ്, 'തിരക്ക് പിടിക്കണ്ട, കളി കഴിഞ്ഞിട്ട് സാവധാനം വായിച്ച് അഭിപ്രായം പറഞ്ഞാൽ മതി' എന്ന് അനു പറഞ്ഞത്. കുറെ നേരത്തിനു ശേഷം 'വായിച്ചോ' എന്ന ചോദ്യവുമായി അവൾ മടങ്ങി വന്നപ്പോഴാണ് അയാൾ  ശ്രദ്ധിച്ചത്, 'കൊറിച്ചു കൊണ്ടിരുന്ന കപ്പലണ്ടിയുടെ തകർന്ന തൊണ്ടുകളെല്ലാം കവിതെഴുതിയ കടലാസിന് മുകളിൽ കാലാൾ പടയാളികളെ പോലെ എഴുന്നേറ്റ് നിൽക്കുന്നു.

അനുപമ എന്ന കവിയത്രിയുടെ അവസാന കവിതയായിരുന്നു അത് എന്ന് അയാൾ  അറിഞ്ഞില്ല. കല്ലറയുടെ മുകളിൽ കാറ്റ് പിടിക്കുമ്പോൾ ചിതറിപ്പറക്കുന്ന ഉണക്കപ്പൂക്കൾ പോലെ ആ കപ്പലണ്ടിതൊണ്ടുകൾ അയാളുടെ ഓർമ്മകളിൽ കാറ്റേറ്റ് പറക്കുന്നുണ്ടായിരുന്നു. കുറ്റബോധത്തിന്റെ കാറ്റേറ്റ് ഘനീഭവിച്ചിരുന്ന ഇജോയെന്ന മേഘപാളിയിൽ അനുപമ  ഒരു മഴവില്ലുപോലെ തെളിഞ്ഞു വന്നു.

പ്രവീണെഴുതിയ അടുത്ത വാക്കുകളാണ് ഇജോയെ വീണ്ടും തൊട്ടുണർത്തിയത്.

"ഈ ദിവസത്തിൽ നമുക്കൊന്ന് കണ്ടാലോ? താൻ ഫ്രീയാണോ? പുറത്തെവിടെയേലും കാണാം".

"അതിനെന്താടോ..ഞാൻ ഇജോയോടൊന്നു ചോദിച്ചിട്ട് നാളെ അപ്ഡേറ്റ് ചെയ്യാം...പോരെ?" അനു അത് ആലോചിച്ച് പറഞ്ഞതാണോ അതോ പ്രവീണിനെ കാണാനുള്ള അതിയായ ആഗ്രഹത്തിൽ പെട്ടെന്ന് പറഞ്ഞു പോയതായിരിക്കുമോ എന്ന് ഇജോ സംശയിച്ചു.

"അത് മതിയെടോ...അപ്പോ ഗുഡ് നൈറ്റ് അനു" എന്ന് പറഞ്ഞ് കൊണ്ട് പ്രവീണും, "ഗുഡ് നൈറ്റ് പ്രവി"എന്ന് പറഞ്ഞ് കൊണ്ട് അനുവും അവിടെ അവശേഷിച്ചു.

വായന അവസാനിപ്പിച്ച് അനു ഇജോയുടെ നേരെ തിരിഞ്ഞിരുന്നു പറഞ്ഞു:

"ഇനി സാറ് പറഞ്ഞോ 'എവിടെ വരെ എത്തിയെന്ന്"

ഇത് വരെ വായിച്ചതും കേട്ടതുമൊന്നും തന്നെ തൊട്ടിട്ടേയില്ല എന്ന മട്ടിൽ ഇജോ അനുവിന്റെ അരികിലേക്ക് ചേർന്നിരുന്നു...ശരീരം കൊണ്ട് അനുവിന്റെ അടുത്തേക്കാണ് ഇജോ നീങ്ങിയതെങ്കിലും മനസ്സ് പ്രവീണിനെ ലക്ഷ്യമാക്കി പുറത്തേക്ക് പോയി കഴിഞ്ഞിരുന്നു..

"നാളെ അവൻ ഫ്രീ ആണോ എന്ന് ചോദിക്കടോ. നാളെ സൺഡേ അല്ലെ!" അപ്രതീക്ഷിതമായ ആ അടുത്തിരുപ്പിൽ അനുവിന് അല്പമാനന്ദം തോന്നിയെങ്കിലും ആ "അവൻ" വിളിയിൽ എന്തോ അപകടം മണത്തുകൊണ്ടു തന്നെ ചോദിച്ചു..

" നാളെയോ...ഇതെന്തു പറ്റി? 'ആകെ ഒരു ഞായറാഴ്ചയേ കിട്ടുള്ളൂ...അത് മുഴുവൻ തന്റെ കൂടെ കറങ്ങാനും ചിണുങ്ങാനും വന്നാൽ എന്റെ പേർസണൽ കാര്യങ്ങളൊന്നും നടക്കൂല്ല'. ഇജോയുടെ വായീന്ന് ഒരായിരം വട്ടം ഞാൻ കേട്ടിട്ടുള്ള ഡയലോഗാണിത്. ഇതിപ്പോ ഞാൻ അങ്ങോട്ട് ചോദിക്കുന്നതിനു മുൻപേ ഇങ്ങോട്ട്...എന്താ ഉദ്ദേശ്യം?"

പ്രവീണിന്റെ പ്രപഞ്ചത്തിലേക്ക് വഴുതി വീണ ഇജോയെ കുലുക്കികൊണ്ട് അനു വീണ്ടും ചോദിച്ചു: "ഇജോ... കാര്യമായിട്ട് പറഞ്ഞതാണോ... പ്രവീൺ നാളെ ഫ്രീ ആണോ എന്ന് ചോദിക്കട്ടെ?"

"താൻ ചോദിക്കടോ...ഫ്രീ ആണേൽ താൻ പോയി കണ്ടോ!" ഇജോ ഉറപ്പിച്ചു പറഞ്ഞു.

താൻ മണം പിടിച്ച അപകടം അക്ഷരങ്ങളായി രൂപപ്പെടുന്നത് കണ്ട അനു പദപരിചകളെടുത്തണിഞ്ഞു.

"താൻ പോയി കണ്ടോന്നോ? അതെന്താ അങ്ങനെ? ആരെ കാണാനാണ് ഇജോ ഞാൻ തനിയെ പോയിട്ടുള്ളത്? ഇജോ വരാതിരുന്ന ഏതേലും പരിപാടിക്ക് ഞാൻ തനിച്ചു പോയിട്ടുണ്ടോ? പോകാൻ പറ്റാത്ത പരുപാടികളെയോർത്തു ഒറ്റയ്ക്കിരുന്നു വിഷമിച്ചിട്ടേ ഉള്ളൂ. എന്നിട്ടിപ്പോ..താൻ പോയി കണ്ടോളാൻ!

വേറെയെന്ത് പരിപാടിക്ക് അനുവിനെ തനിയെ വിട്ടാലും ഈ ഒരു കൂടിക്കാഴ്ചയ്ക്ക് അവളെ തനിയെ വിടാൻ ഇജോയ്ക്കാകുമായിരുന്നില്ല. ആ ചാറ്റ് വായന അയാളെ അത്രയ്ക്കു ആകുലനാക്കിയിരുന്നു...തനിച്ചു പൊക്കോളാൻ പറഞ്ഞ ആ വാക്യത്തിന് 'അവളതു നിഷേധിക്കും' എന്ന ഉറപ്പിന്റെ വല്ലാത്ത പിന്ബലമുണ്ടായിരുന്നു. അത് കൊണ്ട്തന്നെ അവളുടെ ആ മറുപടിയിൽ ഇജോ അല്പമാശ്വസിച്ചു കൊണ്ട് കട്ടിലിൽ നിന്നും എഴുന്നേറ്റ് മുഖം നോക്കാതെ പറഞ്ഞു:

"അതല്ലെടോ..തന്റെ പഴയ സുഹൃത്തല്ലേ...നിങ്ങൾക്ക് എന്തോരം കാര്യങ്ങൾ പറയാൻ കാണും...
നിങ്ങളുടെ ഒരു പ്രൈവസി...അതാ ഞാൻ പറഞ്ഞേ...ഞാൻ തന്നെ കൊണ്ട് വിടാം..."

അഴിഞ്ഞു കിടന്നിരുന്ന മുടി വാരികെട്ടി ജിജോയുടെ മുന്നിൽ ചെന്ന് കണ്ണിൽ നോക്കിക്കൊണ്ടായിരുന്നു അനു അതിനു മറുപടി നൽകിയത്. "ഇജോ, യു ആർ മൈ ഹസ്ബൻഡ് നോട്ട് മൈ ഡ്രൈവർ...
ആൻഡ് യു പ്ലീസ് അണ്ടർസ്റ്റാൻഡ് ദാറ്റ് മൈ പ്രൈവസി ബിഗിൻസ് ആഫ്റ്റർ യു...പോകുന്നുണ്ടെങ്കിൽ നമ്മൾ ഒരുമിച്ച്...കാണുന്നതും ഒരുമിച്ച്"

ഇജോയുടെ നെഞ്ചിടിപ്പിന്റെ പ്രവേഗം കുറച്ച വാക്കുകളായിരുന്നു അവയെങ്കിലും അനുവിന്റെ പ്രൈവസിയുടെ വ്യാഖ്യാനം കേട്ട് ഇജോയുടെ മൊബൈലിലെ നിഗൂഡയറകളിലെ ആർക്കൊക്കെയോ ശ്വാസം മുട്ടുന്നുണ്ടായിരുന്നു. പിറ്റേന്ന് വൈകുന്നേരം കാണാം എന്ന മെസ്സേജിന് പ്രവീൺ നൽകിയ അനുകൂല മറുപടിയിൽ ആ രാത്രി ഏതാണ്ട് അവസാനിച്ചു. നെറ്റിത്തടത്തിൽ കുരിശ് വരച്ച് ശാന്തമായി അനു ഉറങ്ങാൻ കിടന്നപ്പോൾ, ആത്മനിന്ദയുടെ കുരിശ് പേറിക്കൊണ്ട് ഇജോ ഭൂതകാലത്തിന്റെ മല കയറും പോലെ ടെറസിലേക്ക് പോയി. അനുവിന്റെ കവിതകളിൽ നിരന്തരം ഇടം നൽകി ആദരിച്ചതിന് നന്ദിയായിട്ടാകണം അവളുടെ പുരുഷന്റെ ഏകാന്തതയ്ക്ക് കൂട്ടിരിക്കാൻ നിലാവന്ന് പതിവിലേറെ തെളിഞ്ഞു നിന്നത്. അകം എരിയുമ്പോൾ മാത്രമാണ് ഇജോയുടെ അധരവുമെരിയുന്നത് എന്ന് കിരണിനറിയാമായിരുന്നു.

"ഇത് വായിച്ചാൽ ചിലപ്പോ ഉറക്കം കിട്ടുമായിരിക്കും"

കിരണിന്റെ സ്വരം കേട്ട ഇജോ ആദ്യം ചെയ്തത് വിരലുകൾക്കിടയിലെ ആ ചുവന്ന പൂവിനെ ഞെരിച്ചു കെടുത്തുക എന്നതായിരുന്നു. തന്റെ ദുശീലങ്ങളൊരിക്കലും വീടിനു പരിക്കേൽപ്പിക്കരുതെന്ന് അയാൾ എന്നും ആശിച്ചിരുന്നു, ചിലപ്പോഴൊക്കെ ചിലതിലയാൾ പരാജയപ്പെട്ടിരുന്നെങ്കിൽ കൂടിയും.

കയ്യിലൊരു പഴയ ഡയറിയുമായി നിൽക്കുന്ന കിരണിനോട് 'ഇതെന്താ' എന്ന് ചോദിച്ചു കൊണ്ട് അയാളത് വാങ്ങി.

"ഹാപ്പിനെസ്സ്!" കിരൺ മറുപടി പറഞ്ഞു.

"ഹാപ്പിനെസ്സ്? ആരുടെ ?" ഇജോ ആശ്ചര്യപ്പെട്ടു!

കിരൺ : "ഹാവ് എ ലുക് അറ്റ് ഇറ്റ് പപ്പാ"

ഡയറി കൊടുത്തു കൊണ്ട് കിരൺ താഴേക്കിറങ്ങി പോയി. ആ പഴയ ഡയറിയുടെ കട്ടികൂടിയ ആദ്യപുറം മറിച്ചപ്പോൾ കണ്ട വാക്കുകൾക്ക് ആ ഡയറിയേക്കാൾ കനമുള്ളത് പോലെ അയാൾക്ക് തോന്നി.

"തനിച്ചിരുന്ന് സംസാരിക്കുന്നയെന്നെവർ ഇനി ഭ്രാന്തിയെന്ന് വിളിച്ചാലോ എന്ന ഭയം കൊണ്ടാണ് ഞാൻ വീണ്ടുമിങ്ങനെ എഴുതി തീർക്കുന്നത്. കേൾക്കാൻ ആരുമില്ലാത്തോർക്ക് കൂട്ടാണ് ഈ കടലാസ് തുണ്ടുകൾ!

പഴകിത്തുടങ്ങിയ ആ കടലാസുകളിലെ കവിതകളിലൂടെയും കുറിപ്പുകളിലൂടെയും അയാൾ വിരലോടിച്ചപ്പോഴൊക്കെ അയാൾക്ക് അനുവിനെ തൊടുന്നത് പോലെ തന്നെ തോന്നി.

അത്ര ഭംഗിയില്ലാത്ത കൈപ്പട കൊണ്ട് അവൾ കുറിച്ചിട്ട കവിതകളിലെ ചിലതിനു മീതെ വീണു കിടന്ന വെട്ടും കുത്തുമൊക്കെ അവളുടെ നെഞ്ചിനകത്ത് പതിഞ്ഞ പോറലുകളാണെന്നും അതിലെ ചിലത് തന്റെ വാക്കു കൊണ്ടേറ്റതാണെന്നും അയാൾക്ക് തോന്നി. കവിതകൾക്കിടയിലിരുന്ന് മൗനമായി ചിരിക്കുന്ന ചില പഴയ പത്രക്കീറുകൾ, അതിൽ അനുപമയുടെ ചിരിക്കുന്ന ചിത്രം. നടുമുറ്റത്തെ തുളസിത്തറയിൽ കൊളുത്തി വച്ച നിറദീപം പോലെ തെളിഞ്ഞിരുന്ന അനുപമ, ഇന്ന് ആരും പോരും നോക്കാനില്ലാത്ത കാട്ടുകാവിൽ കരിന്തിരി കത്തും പോലെ പുകഞ്ഞു തീരുന്നതിന്റെ കാരണക്കാരൻ അയാളാണെന്ന് സാക്ഷ്യം പറയാൻ അവൾ കുറിച്ച് വച്ച കവിതകളിലെ ബിംബങ്ങളും അലങ്കാരങ്ങളും അന്ന് രാത്രി മുഴുവൻ എഴുന്നു നിന്നു.

പ്രവീൺ സജ്ജസ്റ് ചെയ്ത ആ റെസ്റ്റോറന്റിൽ ഏതാണ്ട് നാല് മണിക്ക് മുൻപ് തന്നെ അനുവും ഇജോയും എത്തിയിരുന്നു. ഒരൊറ്റ രാത്രി കൊണ്ട് വ്യതിചലനമേറ്റ ഋതുഭേദമായിരുന്നു അയാൾ. തലേന്ന് രാത്രിയിലെ നിലാവെളിച്ചത്തിൽ പെയ്തിറങ്ങിയ ശിശിരത്തിൽ അയാൾ പൊഴിച്ച് തീർത്തത് മുഴുവൻ തനിക്കുള്ളിലെ പുഴുക്കുത്തേറ്റ പാഴിലകളായിരുന്നു. ചുവപ്പും കറുപ്പും നിറം ചേർത്ത് തുന്നപ്പെട്ട സാരിക്കുള്ളിൽ അനുപമ ഒരു നർത്തകിയുടെ ചേലിൽ നിറഞ്ഞു നിന്നു. പുരിക കൊടികൾക്കു നടുവിലെ ആ വലിയ പൊട്ട് അവൾ പ്രവീണിന് വേണ്ടി ചാർത്തിയാണോ അതോ അതവൾക്ക്മേൽ എന്നുമുള്ളതാണോ എന്ന സംശയത്തിൽ ഇജോ പലതവണയിടറി വീണു. വീണ് കിടക്കുന്ന അയാളുടെ മുന്നിൽ പ്രവീൺ ഒരു അതിമാനുഷനെ പോലെ ഉയർന്നു നിന്നു.

അനുവിന്റെ ഭൂതകാലത്തിലെ ഭ്രമണപഥങ്ങളിൽ തുടങ്ങി ഇന്ന് വരെ അവൾക്കരികിൽ ഒരുപഗ്രഹം കണക്ക് ഒഴുകി നീങ്ങുന്ന പ്രവീൺ, ഇജോയെ സംബന്ധിച്ചിടത്തോളം തികച്ചും ഒരു അജ്ഞാതഗ്രഹമാണ്. അതുകൊണ്ടു തന്നെ അനുവിന്റെ ഹൃദയത്തെ ഇത് പോലെ പ്രകാശിപ്പിക്കുന്ന പ്രവീൺ എന്ന പുരുഷൻ അതിലേറെ തേജസുള്ള ഒരാളാകണം എന്ന് ഇജോ നിസ്സംശയം ഉറപ്പിച്ചിരുന്നു. ആ രൂപത്തിന് ശില്പചാരുത ചാർത്തിക്കൊണ്ടിരുന്ന നേരത്താണ് റെസ്റ്റാറന്റിന്റെ അകത്തേക്ക് ഒരു ഇരുചക്രവാഹനം കയറി വന്നത്. നിശബ്ദമായി സഞ്ചരിക്കുന്ന ആ വാഹനത്തിനു പിന്നിൽ കരം ചേർത്ത് പിടിച്ചുകൊണ്ട് ഒരു സ്ത്രീയും. കുറുകിപ്പോയ രണ്ടു കാലുകൾക്ക് മേലെയുള്ള ആ ഉടലിൽ സുസ്മേര വദനനായിരുന്ന ആ മനുഷ്യൻ പ്രവീൺ ആണെന്ന് ഇജോ ഉറപ്പിച്ചത് അനുവിന്റെ ചുണ്ടിലെ ചിരിയടയാളം കണ്ടിട്ടാണ്. പ്രവീൺ എന്ന സങ്കല്പശില്പത്തിന് മേലെ ആറടിപൊക്കത്തിലുള്ള ഒരാൺരൂപം കൊത്തി വച്ച ഇജോയുടെ പെരുന്തച്ചൻ ചിന്ത ആ ചെറിയ വീൽചെയർ കയറി ചതഞ്ഞരഞ്ഞു. വീൽചെയറിലേക്ക് ചുരുങ്ങിയ ആ ചെറു രൂപം ഇജോയ്ക്കുള്ളിലെ ആനന്ദ:ദുഖങ്ങളിൽ ഏതിനാണ് ഊർജ്ജം പകർന്നതെന്ന് അയാൾക്കു പോലും അജ്ഞാതമായിരുന്നു.

കറുത്ത കട്ടത്താടി പടർന്നു പിടിച്ച പ്രവീണിന്റെ മുഖത്തു നിന്നും പുറപ്പെട്ട ആ വലിയ ചിരിയ്ക്കും തലേന്ന് രാത്രിയിൽ തനിക്ക് കൂട്ടിരുന്ന നിലാവിനും ഒരേ പ്രഭയായിരുന്നുവെന്ന് ഇജോയ്ക്ക് വെറുതെ തോന്നി!

"പ്രവീൺ" എന്ന് പറഞ്ഞു കൊണ്ട് സ്വയം പരിചയപ്പെടുത്തി അയാൾ ഇജോയ്ക്ക് നേരെ കൈ നീട്ടി. "ഇജോ" എന്ന മറുപടി പദത്തിൽ അയാൾ "നന്ദി" എന്നൊരു പദം എന്തിനെന്നറിയാതെ വെറുതെ പൊതിഞ്ഞു വച്ചിരുന്നു.

പ്രവീണിന്റെ വീൽ ചെയറിലേക്ക് മുഴുവനുമായിട്ടൊന്ന് നോക്കിയതിനു ശേഷം "എനിക്ക് അറിയില്ലായിരുന്നു" എന്ന് മാത്രം ഇജോ പറഞ്ഞു.

"അനു പറഞ്ഞില്ലല്ലേ! പറഞ്ഞു കാണില്ലെന്ന് എനിക്കറിയാമായിരുന്നു...എനിക്ക് കാലില്ലെന്ന് അനു ഇത് വരെ ആരോടും പറഞ്ഞിട്ടില്ല. എന്നോട് പോലും." പ്രവീൺ ചിരിച്ചുകൊണ്ട് അനുവിനെ നോക്കി.

കസേരയിൽ നിന്നും എഴുന്നേറ്റ് പ്രവീണിന്റെ അരികിലേക്ക് വന്ന അനു അയാളുടെ തലയിൽ ഒന്ന് തടവി, ശേഷം പാർവതിയെ കെട്ടിപിടിച്ചു കവിളിൽ ഒരുമ്മ കൊടുത്തു. കലാലയത്തിൽ വച്ച് നഷ്ടമായതെന്തോ കാലാന്തരത്തിൽ കണ്ടു കിട്ടിയ ആനന്ദമായിരുന്നു അവർക്കുള്ളിൽ. കിരണിനോട് പോലും അനു ഇത്ര വാത്സല്യം പ്രകടിപ്പിച്ചിട്ടുണ്ടോ എന്ന് ഇജോ ആശ്ചര്യപ്പെട്ടു!

സത്യത്തിൽ അനുവിന്റെ സ്നേഹം അയാൾ ശ്രദ്ധിച്ചിട്ടേയില്ലായിരുന്നു...അവൾ തൊട്ടതും ചുംബിച്ചതും അയാൾ അറിഞ്ഞിട്ടേയില്ലായിരുന്നു. പരിചയം പുതുക്കൽ മെല്ലെ പഴംകഥകൾക്ക് വഴി മാറിക്കൊടുത്തു...

സംസാരിച്ച് തുടങ്ങിയത് പാർവ്വതിയാണ്...പ്രവീണിന്റെ സഖി!

"ഇജോയ്ക്കറിയോ? അനുവിന്റെ കവിതയാണ് ഞങ്ങളുടെ പ്രണയം. അനു എഴുതിയ ഒരു കവിതയുണ്ട്. ഒരിക്കൽ കലോത്സവത്തിന് പ്രവി അത് പാടി. അന്ന് തുടങ്ങീതാണ് എനിക്ക് പ്രവിയോടുള്ള പ്രണയം...
പിന്നീടങ്ങോട്ട് അനു എഴുതും...പ്രവി പാടും... ഞാൻ പ്രണയിക്കും. അങ്ങനെയായിരുന്നു... ഒരു പൊയറ്റിക് ലവ് സ്റ്റോറി...! ഇജോ എങ്ങനെയാ...പാടോ? അനുവിന്റെ കവിതയൊക്കെ വായിച്ചിട്ടുണ്ടോ?"

ഒരു രാത്രി കൊണ്ട് മെനഞ്ഞെടുത്ത വാക്കുകളയാളിൽ വല്ലാത്ത വീർപ്പ് മുട്ടലുണ്ടാക്കികാണണം. അതെല്ലെങ്കിൽ ആദ്യമായി കാണുന്ന ഒരു പെണ്ണിന്റെ ചോദ്യത്തിന് അത്ര പെട്ടെന്ന് ഉത്തരം കൊടുക്കാൻ അയാളിലെ പുരുഷൻ അത്ര പെട്ടെന്ന് തയ്യാറാകില്ലായിരുന്നു.

"ഇന്നലെ വരെ ഞാൻ ഒന്നും വായിച്ചിട്ടില്ലായിരുന്നു. പക്ഷേ ഇന്നലെ വായിച്ചു...എല്ലാം..
സത്യത്തിൽ എനിക്കറിയില്ലായിരുന്നു...ഒന്നും". അത്ര പരിചയമില്ലാത്ത വികാരങ്ങളായതിനാലാകണം ഇജോയുടെ ഹൃദയം അയാളുടെ അധരങ്ങൾക്ക് വാക്കു കടം കൊടുത്തില്ല! അത് വരെ താൻ കേട്ടിട്ടില്ലാത്ത ഒരപരിചിത സ്വരം കേട്ടത് പോലെ അനു ഇജോയെ നോക്കി.

കണ്ണ് നിറയുന്നത് ആരും കാണാതിരിക്കാനായി ഇജോ പെട്ടെന്ന് കുനിഞ്ഞു തന്റെ ബാഗിലേക്ക് നോക്കി. ബാഗിൽ നിന്നും അനുവിന്റെ ഡയറിയെടുത്ത് പ്രവീണിന്റെ നേരെ നീട്ടികൊണ്ടു ചോദിച്ചു...

"ഇതിൽ ഏത് കവിതയാണ് പ്രവീൺ അന്ന് പാടിയതെന്ന് പറയാമോ? വിരോധമില്ലേൽ അതൊന്നു പാടാമോ?"

ഇജോയുടെ ചോദ്യം കേട്ട് അനു ആകെയമ്പരന്നുപോയി. ഇജോയുടെ കയ്യിലിരിക്കുന്നത് തന്റെ ഹൃദയമാണെന്ന് അനുവിന് തോന്നി. ജീവിതത്തിൽ ആദ്യമായിട്ടാണ് അയാൾ അനുവിന്റെ ഹൃദയത്തെ തൊടുന്നത്. മേശയുടെ അടിയിലൂടെ ഇജോ അനുവിന്റെ കാലിൽ തൊട്ടു. അന്ന് വരെ ചെയ്ത പോയ അവിവേകങ്ങൾക്ക് മാപ്പിരന്നതാണോ...അത്ര അഴകും ആഴവുമുള്ള ഒരു സ്ത്രീയുടെ പാദം തൊട്ട് ആശീർവാദം തേടിയാതാണോ എന്നറിയില്ല. ഒന്നുമാത്രം നിശ്ചയം, തലേന്ന് രാത്രി പടർന്നു പിടിച്ച ശിശിരകാലത്തിന് മേലെ വസന്തത്തിന്റെ തിരിച്ചു വരവായിരുന്നത്.

ആ വരവിനിടവേളയിൽ പ്രവീൺ ആ കവിത കണ്ടെത്തിക്കഴിഞ്ഞിരുന്നു...

അന്നയാൾ അത് വീണ്ടും പാടിയപ്പോൾ ഇമ്മാനുവേൽ ജോൺസൻ എന്ന ഇജോയുടെ ഹൃദയത്തിൽ പ്രണയം പടർന്നു പിടിക്കുകയും അതിൽ അനുപമ എന്ന പാരിജാതം വിടരുകയും ചെയ്തു.

"ഇരുളിൽ തനിയെ ഇരിക്കുമെന്നരികിൽ
വെളിച്ചമായി വന്ന നിലാവേ ...
അകലെയാ ആകാശവീട്ടിൽ നിനക്കും
ആരുമില്ലാത്തതിൻ ഖേദമുണ്ടോ?

വഴിയിൽ തനിയെ നടക്കുമെന്നുടലിൽ
പതിയെ പുണർന്ന കാറ്റേ...
ആ മലമുകളിലും മരുഭൂവിലും നീയും
ഏകാകിയായിരുന്നോ?

പൂവിൽ പനിനീർ പോലെ
വാനിൽ മേഘം പോലെ
നീയെൻ ചാരെയെങ്കിൽ
ഞാനും
ആനന്ദം!

**Nibin Kurisingal**